# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1854 — 07.03.2018 — ൽ മറുപടിക്ക്

## ദേശീയ ഭക്ഷ്യഭദ്രതാനിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു<br>,, കോവൂർ കുഞ്ഞുമോൻ<br>,, കെ.ബി.ഗണേഷ് കുമാർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പുമന്ത്രി) |
| (എ) ദേശീയ ഭക്ഷ്യഭദ്രതാനിയമം സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ പ്രധാനഘട്ടം എന്ന നിലയ്ക്ക് മുൻഗണനാ വിഭാഗത്തിലെ ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രീ-പോപ്പുലേറ്റഡ് ഫോറത്തിൽ കാർഡുടമകൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും 01.11.2016 മുതൽ പ്രസ്തുത പട്ടിക പ്രകാരം റേഷൻ വിതരണം ആരംഭിക്കുകയും ചെയ്തു. തുടർന്ന് കൃത്യമായ നടപടികളിലൂടെ 01.06.2017-മുതൽ നിലവിലുള്ള ലിസ്റ്റ് പ്രകാരം റേഷൻ വിതരണം തുടർന്ന് വരികയും ചെയ്യുന്നു. അനർഹരെ ഒഴിവാക്കുന്നതിനായുള്ള തീവ്രപരിശ്രമത്തിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അനർഹരായ സർക്കാർ ജീവനക്കാരുടെ എണ്ണം ഉൾപ്പെടെ 2,62,675 അനർഹരെ കണ്ടെത്തിയിട്ടുണ്ട്. ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി 30.04.2018-നകം ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ റേഷൻ കടകളിലും 'വാതിൽപ്പടിവിതരണം' മുഖേന റേഷൻ സാധനങ്ങൾ എത്തിച്ചു വരുന്നുണ്ട്. റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തിരം തയ്യാറാക്കി വരുന്നു. ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് റേഷൻ കാർഡുടമകളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് എസ്.എം.എസ്. സന്ദേശം നൽകി വരുന്നുണ്ട്. പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിജിലൻസ് കമ്മിറ്റി |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുന്നതിനും വകുപ്പിൽ കാൾ സെന്റർ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപരിയായി പൊതുവിതരണ സമ്പ്രദായത്തിനെ സോഷ്യൽ ആഡിറ്റിംഗിന് വിധേയമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ദേശീയ ഭക്ഷ്യഭദ്രതാനിയമം നടപ്പിലാക്കുമ്പോൾ നിലവിൽ സംസ്ഥാനത്ത് ലഭിച്ചു കൊണ്ടിരുന്ന ഭക്ഷ്യധാന്യ വിഹിതത്തിൽ എത്രത്തോളം കുറവ് വന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തിന് മുമ്പ് പ്രതിവർഷം 16.01 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യങ്ങൾ ലഭിച്ചിരുന്ന സ്ഥാനത്ത് നിലവിൽ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം പ്രതിവർഷം 12.26 മെ.ടൺ അരിയും 1.99 ലക്ഷം മെ.ടൺ ഗോതമ്പുമുൾപ്പെടെ 14.25 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യമാണ് ലഭിക്കുന്നത്. ഇപ്രകാരം കണക്കാക്കിയാൽ 1.76 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യത്തിന്റെ കുറവ് വരുന്നുണ്ട്. |
| (സി) | മുൻഗണനാ വിഭാഗങ്ങളിലെ കുടുംബങ്ങളെ തെരഞ്ഞെടുക്കുമ്പോൾ ബി.പി.എൽ., എ.എ.വൈ. ലിസ്റ്റിൽപ്പെട്ടവർ പുറത്തായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം തയ്യാറാക്കിയ അന്തിമ മുൻഗണനാ പട്ടികയിൽ ധാരാളം അപാകതകൾ ഉള്ളതായും, അർഹർ ഒഴിവാക്കപ്പെട്ടിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡങ്ങൾ പുന:ക്രമീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 7,42,278 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ 5,67,009 അപേക്ഷകൾ റേഷൻ കട അടിസ്ഥാനത്തിൽ അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളത് ഇരട്ടിപ്പുള്ള അപേക്ഷകളും നേർക്കാഴ്ചയ്ക്ക് ഹാജരാകാത്തവയുമാണ്. അനർഹരെ ഒഴിവാക്കുന്നതിനായുള്ള തീവ്രപരിശ്രമത്തിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അനർഹരായ സർക്കാർ ജീവനക്കാരുടെ എണ്ണം ഉൾപ്പെടെ 2,62,675 അനർഹരെ കണ്ടെത്തിയിട്ടുണ്ട്. ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. 2015 ലെ പി.ഡി.എസ് കൺട്രോൾ ഓർഡർ ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടിക ക്രമമായ കാലയളവിൽ പുന:പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. |
| (ഡി) | ഈ നിയമപ്രകാരമുള്ള റേഷൻകാർഡുകൾ വിതരണം ചെയ്യുന്നതിൽ സംഭവിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചു കൊണ്ട് അർഹരായ മുഴുവൻ ആളുകൾക്കും റേഷൻ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | | |
| (ഇ) | ഭക്ഷ്യഭദ്രതാനിയമം വിഭാവനം ചെയ്യുന്ന വാതിൽപ്പടി വിതരണം നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് ഏതു രീതിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഇ) | ഉണ്ട്. വാതിൽപ്പടി വിതരണം 2017 മാർച്ച് മാസത്തിൽ കൊല്ലം ജില്ലയിൽ പൈലറ്റ് പദ്ധതിയായി ആരംഭിക്കുകയും തുടർന്ന് 2017 മേയ്, ജൂൺ മാസത്തോടുകൂടി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഇതിന്റെ ചുമതല സപ്ലൈകോയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ